9243
29/7/15

**കേരള സർക്കാർ**

**സംഗ്രഹം**

വനം - വന്യജീവി വകുപ്പ് - തിരുവനന്തപുരം തടിവിൽപ്പന വിഭാഗം ഡിവിഷന്റെ കീഴിലുള്ള അച്ചൻകോവിൽ തടി ഡിപ്പോയിൽ 20.12.2010-ൽ നടന്ന തടി ലേലം തൊഴിലാളി സമരം മൂലം ലേലക്കാർക്ക് തടി നീക്കം ചെയ്യുന്നതിന് കാലാവധി നീട്ടി നൽകിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ. (സാധാ)നം.349/2015/വനം  തീയതി, തിരുവനന്തപുരം, 25.07.2015.

---

**<u>പരാമർശം</u> :-** 03.02.2014, 20.06.2015 എന്നീ തീയതികളിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (സംരക്ഷണം)-ന്റെ പ്രൊ.(5)-2574/2011 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം തടി വിൽപ്പന വിഭാഗം ഡിവിഷന്റെ കീഴിലുള്ള അച്ചൻകോവിൽ തടി ഡിപ്പോയിൽ 19.05.2011 മുതൽ 14.06.2011 വരെ 27 ദിവസം തൊഴിലാളി സമരം നടന്നതു കാരണം 20.12.2010 ൽ ലേലം കൊണ്ട് 2003/10, 2055/10, 20621/10 & 2416/10 എന്നീ ലേല തടികൾ സർവ്വശ്രീ. എം.ആർ.ഷിജി, മൃദുൽ ടിംബേഴ്സ്, ശ്രീ. വി. പ്രദീപ് കുമാർ, വാസുദേവ ട്രേഡേഴ്സ് എന്നീ ലേലക്കാർക്ക് അനുവദനീയമായ സമയപരിധിക്കുള്ളിൽ നീക്കം ചെയ്യുവാൻ സാധിച്ചില്ലായെന്നും ലേലം കൊണ്ട തടികൾക്ക് ലേലക്കാർ നിശ്ചിത സമയപരിധിക്കുള്ളിൽ വിലയും മറ്റ് നിയമാനുസൃത നികുതികളും ഒടുക്കിയതിനാൽ സർക്കാരിന് നഷ്ടങ്ങൾ ഒന്നും സംഭവിച്ചിട്ടില്ലെന്നും കൂടാതെ തങ്ങളുടേതല്ലാത്ത കാരണങ്ങൾ കൊണ്ടാണ് ലേലക്കാരുടെ ലേലം കൊണ്ട വസ്തുക്കൾ നീക്കം ചെയ്യുന്നതിന് താമസം ഉണ്ടായതെന്നും, എന്നിരുന്നാലും ഇതൊരു പ്രത്യേക കേസ്സായി പരിഗണിച്ച് ലേലക്കാർക്ക് കൂടുതൽ കഷ്ട നഷ്ടങ്ങൾ സംഭവിക്കാതിരിക്കുന്നതിനുവേണ്ടി 20.12.2010-ൽ ലേലം ചെയ്ത തടികൾ ലേല വ്യവസ്ഥകൾ പ്രകാരമുള്ള സമയപരിധിക്കകം വിലയും മറ്റ് നിയമാനുസൃത നികുതികളും ഒടുക്കിയ കേസുകളിൽ 4 മാസം വരെ നിയമാനുസൃത തറവാടകയും അത് കഴിഞ്ഞുള്ള കാലയളവിലേക്ക് എത്രമാസത്തെ കാലതാമസം വന്നുവോ അത്രയും മാസങ്ങളുടെ എണ്ണത്തെ ഒന്നാം മാസത്തെ തറവാടക കൊണ്ട് ഗുണിച്ച് കിട്ടുന്ന തുകയും തറ വാടകയായി ഈടാക്കിക്കൊണ്ട് വിട്ടു നൽകുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) 15 ദിവസത്തെ സമയം അനുവദിക്കുകയുണ്ടായിയെന്നും ടി നടപടിക്ക് സാധൂകരണം നൽകണമെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

ലേല കണ്ടീഷൻ പ്രകാരം ലേല സ്ഥിരീകരണ തീയതി മുതൽ 40 ദിവസം വരെ തുക ഒടുക്കി തടി നീക്കം ചെയ്യുന്നതിനുള്ള സൗജന്യ കാലാവധിയായും തുടർന്ന് 4 മാസം വരെ തറവാടക, പലിശ എന്നിവ ഈടാക്കിക്കൊണ്ടും തടി വിട്ടു

നൽകാവുന്നതാണ്. 20.12.2010-ൽ നടന്ന ലേലത്തിന് 03.02.2011-ലാണ് സ്ഥിരീകരണം ലഭിച്ചിട്ടുള്ളത്. ആയതുപ്രകാരം കണക്കാക്കുമ്പോൾ നിയമാനുസൃത കാലാവധി 13.07.2011-ൽ മാത്രമേ അവസാനിക്കുകയുള്ളൂ എന്നും സംരക്ഷണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അച്ചൻകോവിൽ തടി ഡിപ്പോയിൽ തൊഴിലാളി സമരം മൂലം നിയമാനുസൃത സമയത്തിനുള്ളിൽ നീക്കം ചെയ്യാതെ കിടന്ന ലേല സാധനങ്ങൾ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ വിലയും മറ്റ് നിയമാനുസൃത നികുതികളും ഒടുക്കിയ ലേലക്കാർക്ക് കൂടുതൽ കഷ്ടനഷ്ടങ്ങൾ സംഭവിക്കാതിരിക്കുന്നതിന് പിഴ ഈടാക്കി വിട്ടു നൽകുന്നതിന് 15 ദിവസത്തേക്കു കൂടി കാലാവധി ദീർഘിപ്പിച്ചു നൽകിയ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സംരക്ഷണം)-ന്റെ 07.07.2011-ലെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**കൃഷ്ണകുമാർ.റ്റി.വി.,**
ഡെപ്യൂട്ടി സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം),
തിരുവനന്തപുരം.
ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സതേൺ സർക്കിൾ), കൊല്ലം.
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ടിമ്പർ സെയിൽസ് ഡിവിഷൻ,
തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എ&ഇ ), കേരള, തിരുവനന്തപുരം.
I&PR വെബ്ബ് & മീഡിയ (Dept)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Chitra

സെക്ഷൻ ഓഫീസർ.